പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2476      14.12.2015 -ൽ മറുപടിക്ക്

## ജീവിതശൈലി രോഗങ്ങളുടെ നിയന്ത്രണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. വി. വിജയദാസ് : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) ജീവിതശൈലി രോഗങ്ങൾ വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് ജീവിത ശൈലി രോഗങ്ങൾ വർദ്ധിച്ചു വരുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. പ്രമേഹം. രക്താദി സമ്മർദ്ദം, ഹൃദ്രോഗങ്ങൾ, പക്ഷാഘാതം, ക്യാൻസർ തുടങ്ങിയ ജീവിതശൈലീ രോഗങ്ങൾ സംസ്ഥാനത്ത് വർദ്ധിച്ചു വരുന്നതായി കണ്ടു വരുന്നു. വർദ്ധിച്ചു വരുന്ന നഗരവൽക്കരണവും, പാശ്ചാത്യവൽക്കരണവും തൻമൂലം ജനങ്ങളുടെ ജീവിതശൈലിയിൽ വന്ന വ്യതിയാനങ്ങളും കാരണമാണ് ഈ രോഗങ്ങൾ നമ്മുടെ സംസ്ഥാനത്ത് വർദ്ധിച്ചു വരാൻ കാരണമാകുന്നത്. അനാരോഗ്യകരമായ ഭക്ഷണരീതി, വ്യായാമക്കുറവ്, പുകവലി, മദ്യപാനം തുടങ്ങിയ ദുശീലങ്ങളോടുള്ള ആസക്തി, മാനസിക പിരിമുറുക്കം എന്നിവ വിവിധ ജീവിതശൈലീ രോഗങ്ങൾക്ക് കാരണമാകുന്നുവെന്ന് തെളിയിക്കപ്പെട്ടിട്ടുള്ളതാണ്. കേരളത്തിൽ മുപ്പതിനും അറുപതിനും ഇടയിൽ പ്രായമുള്ളവരിലെ മരണങ്ങളിൽ 52 ശതമാനം ജീവിതശൈലീ രോഗങ്ങളാലാണ്. |
| (ബി) പ്രസ്തുത രോഗങ്ങൾ നിയന്ത്രിക്കുന്നതിനായി പി.എച്ച്.സി-സി.എച്ച്.സി കളിൽ സൗജന്യമായി ലാബ് പരിശോധനകൾ നടത്തുന്നതിനും ഒരു ഡയബറ്റോളജിസ്റ്റിനെ നിയമിക്കുന്നതിനും നടപടി സ്വീകരിക്കുമോ ; | (ബി) ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കുന്നതിന് സംസ്ഥാന ആരോഗ്യവകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതിയാണ് 'അമൃതം ആരോഗ്യം'. ഈ പദ്ധതി സംസ്ഥാനത്ത് 230 സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും, 835 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും, 5144 കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിലും നടപ്പിലാക്കിയിട്ടുണ്ട്. മുപ്പത് വയസ്സിന് മുകളിൽ പ്രായമുള്ള എല്ലാ ജനങ്ങളേയും ജീവിതശൈലീ രോഗങ്ങൾ |

(.....2)

കണ്ടെത്തുന്നതിനായി സ്ക്രീനിംഗ് നടത്തുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ഈ പദ്ധതിക്കായി ഗ്ലൂക്കോമീറ്ററുകളും, ബി.പി. അപ്പാരറ്റസ്, വെയിങ് മെഷീൻ, സ്റ്റാഡിയോമീറ്റർ തുടങ്ങിയ ഉപകരണങ്ങൾ ലഭ്യമാക്കുകയും ആഴ്ചയിൽ ഒരു ദിവസം സൗജന്യമായി ബ്ലഡ് ഷുഗറും, ബ്ലഡ് പ്രഷറും, ബി.എം.ഐ -യും പരിശോധിക്കുകയും ചെയ്യുന്നു. ഇതിനായി എല്ലാ മെഡിക്കൽ ഓഫീസർമാർക്കും, ഫീൽഡ് വിഭാഗം ജീവനക്കാർക്കും, പാരാമെഡിക്കൽ സ്റ്റാഫിനും പ്രത്യേക പരിശീലനം നൽകുകയുണ്ടായി. പബ്ലിക് ഹെൽത്ത് ഫൗണ്ടേഷനുമായി ചേർന്ന് സംസ്ഥാനത്തെ 150 മെഡിക്കൽ ഓഫീസർമാർക്ക് സർട്ടിഫിക്കറ്റ് കോഴ്സ്-ഇൻ-എവിഡൻസ് ബെയ്സ്ഡ് ഡയബറ്റിക് മാനേജ്മെന്റ് എന്ന പരിശീലനവും സൗജന്യമായി നൽകുകയുണ്ടായി. പരിശീലനം ലഭിച്ച മെഡിക്കൽ ഓഫീസർമാർക്ക് പ്രമേഹം ചികിത്സിക്കാമെന്നിരിക്കെ ഇതിനായി പ്രത്യേകം ഡയബറ്റോളജിസ്റ്റിനെ നിയമിക്കേണ്ട ആവശ്യകത ഇപ്പോഴത്തെ സാഹചര്യത്തിൽ നിലവിൽ ഇല്ല.

(സി) ഇക്കാര്യത്തിൽ വിശദമായ പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദ വിവരം നൽകുമോ ; ഇല്ലെങ്കിൽ വിശദമായ ഒരു പഠനം നടത്തുമോ ?

(സി) ജീവിതശൈലീ രോഗങ്ങളെക്കുറിച്ച് ദേശീയമായും അന്തർദേശീയമായും വിദഗ്ദ്ധ പഠനങ്ങൾ നടന്നു വരുന്നു. എന്നാൽ സംസ്ഥാന ആരോഗ്യ വകുപ്പ് ഇത് സംബന്ധമായ സർവ്വേ പല തലങ്ങളിലും നടത്താറുണ്ടെങ്കിലും ആധികാരികമായ പഠനങ്ങളൊന്നും നടത്തിയിട്ടില്ല.

സെക്ഷൻ ഓഫീസർ